**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. കൊറിയർ ഹോം ഡെലിവറി സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. കൊറിയർ ഹോം ഡെലിവറി സർവീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. ഉപഭോക്താക്കളിൽ നിന്നും മിതമായ നിരക്ക് ഈടാക്കി ഹോം ഡെലിവറി ആരംഭിക്കുവാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (ബി) | ഇപ്രകാരം നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഹോം ഡെലിവറി നടത്തുന്നതിനായി ജീവനക്കാരെ ഏത് രീതിയിൽ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. വഴി അയയ്ക്കുന്ന പാഴ്സലുകൾ ഉപഭോക്താവിന്റെ വീട്ടു പടിക്കൽ എത്തിക്കുക എന്നതാണ് അടുത്ത ഘട്ടത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്. ആയതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | സുരക്ഷിതമായ രീതിയിൽ കൊറിയറുകൾ എത്തിച്ചു നൽകുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | കൊറിയർ കൗണ്ടറുകളിൽ എത്തിക്കുന്ന പാഴ്സലുകളെ സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ശേഷം ഉപഭോക്താവിന് കൺസൈൻമെന്റ് സ്ലിപ് കൈമാറുകയും ടി വിവരങ്ങളും പ്രസ്തുത പാഴ്സലുകൾ കയറ്റി അയയ്ക്കുന്ന ബസ്സിന്റെയും അതിലെ ജീവനക്കാരുടെയും വിവരങ്ങളും കൊറിയർ കൗണ്ടറിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം കൗണ്ടറുകളിൽ കൈപ്പറ്റിയ പാഴ്സലുകൾ വേ ബില്ലിൽ രേഖപ്പെടുത്തി നിർദ്ദിഷ്ട കണ്ടക്ടർക്ക് കൈമാറുകയും കണ്ടക്ടർ സുരക്ഷിതമായി നിർദ്ദിഷ്ട കൊറിയർ കൗണ്ടറിൽ എത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ എത്തിച്ച പാഴ്സലുകൾ പ്രസ്തുത കൗണ്ടറിലെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയത് സമയബന്ധിതമായി ഉപഭോക്താവിനെ ബന്ധപ്പെട്ട് ടിയാന്റെ തിരിച്ചറിയൽ രേഖ പരിശോധിച്ച് രജിസ്റ്ററിൽ ഒപ്പ് വയ്പ്പിച്ചശേഷം പാഴ്സൽ കൈമാറുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ